19-8-2015-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ അട്ടപ്പാടിയിലെ മുഴുവൻ ആദിവാസികൾക്കും ഭൂമി നൽകണമെന്നും, അട്ടപ്പാടിയിൽ പ്ലസ് വണ്ണിന് പ്രവേശനം ലഭിക്കാത്ത എല്ലാ ആദിവാസി കുട്ടികൾക്കും പ്രത്യേക സർക്കാർ ഉത്തരവിലൂടെ പ്രവേശനം നൽകാനും, എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ അട്ടപ്പാടിക്കായി തയ്യാറാക്കിയ "സീറോ ഹംഗർ ഇൻ ടൈബൽ ഹാബിറ്റാറ്റ്സ് " എന്ന പദ്ധതിയ്ക്കായി ഒരു ഉപസമിതിയെ ചുമതലപ്പെടുത്താനും പ്രസ്തുത സമിതിയിൽ പട്ടികവർഗ്ഗ ക്ഷേമം, ധനകാര്യം, പ്ലാനിംഗ്, ജലവിഭവ വകുപ്പുകളുടെ സെക്രട്ടറിമാർ, ഒറ്റപ്പാലം സബ് കളക്ടർ എന്നിവരെ അംഗങ്ങളാക്കാനും യോഗത്തിൽ തീരുമാനിച്ചു. അട്ടപ്പാടിയിൽ ഗോതമ്പിന് പകരം റാഗി സ്ഥിരമായി വിതരണം ചെയ്യുന്നതിനുള്ള സാധ്യത ആരായുവാനും തീരുമാനിക്കുകയുണ്ടായി.

താപനിലയം

12(*192) ശ്രീ. ഇ. ചന്ദ്രശേഖരൻ :

ശ്രീ. ഇ. കെ. വിജയൻ :

ശ്രീ. ചിറ്റയം ഗോപകുമാർ :

ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിലയൻസ് ഗ്രൂപ്പിന്റെ ബി.എസ്.ഇ.എസ്. താപനിലയവുമായി എത്ര വർഷത്തേയ്ക്കാണ് കരാറിൽ ഏർപ്പെട്ടത്; കരാറിന്റെ കാലാവധി അവസാനിക്കുന്നത് എന്ന്; കരാറിലെ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കരാർ പ്രകാരം ഉപയോഗിക്കാത്ത വൈദ്യുതിക്ക് പണം നൽകിയിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ എത്ര രൂപ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) കരാർ പുതുക്കുന്നതിനുള്ള നടപടികളാരംഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര കാലത്തേയ്ക്കാണ് പുതുക്കാനുദ്ദേശിക്കുന്നത് എന്നു വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) ബി.എസ്.ഇ.എസ്. കേരള പവർ ലിമിറ്റഡ് (ബി.കെ.പി.എൽ.) എന്ന സ്ഥാപനം കൊച്ചിയിൽ 165 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള ഒരു താപവൈദ്യുത നിലയം സ്ഥാപിച്ചിട്ടുള്ളതും കേരള സംസ്ഥാന വൈദ്യുതി ബോർഡ് കേരളത്തിന്റെ വൈദ്യുത ആവശ്യകത നിറവേറ്റുന്നതിനായി (ബി.കെ.പി.എൽ.) 3-5-1999-ൽ കരാറിൽ ഏർപ്പെട്ടിട്ടുള്ളതുമാണ്. പ്രസ്തുത നിലയം പ്രവർത്തനക്ഷമമാകുന്നതു മുതൽ (Date of Commercial Operation-COD) 15 വർഷകാലത്തേയ്ക്കാണ് കരാർ ഉണ്ടായിരുന്നത്. ആയത് 31-10-2015-ൽ അവസാനിച്ചു. പ്രസ്തുത കരാർ അനുസരിച്ച് പ്രതിമാസം ഉല്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിയുടെ ഇന്ധന ചെലവിനുപുറമേ, ഫിക്സഡ് ചാർജ്ജും കൂടി നൽകേണ്ടതാണ് എന്ന വ്യവസ്ഥ നിലനിൽക്കുന്നുണ്ട്. കരാർ പ്രകാരം വൈദ്യുതി വാങ്ങുന്ന ആൾക്ക് വൈദ്യുതി ആവശ്യമില്ലാതെ വരുന്ന സാഹചര്യത്തിൽ വൈദ്യുതി നിലയം സ്ഥാപിക്കുന്നതിനും നിലനിർത്തിക്കൊണ്ടു പോകുന്നതിനും ചെലവായ തുക ആനുപാതികമായി ഉല്പാദകന് ലഭിക്കാൻ വേണ്ടിയാണ് ഇത്തരമൊരു നിബന്ധന ഇന്ത്യാ ഗവൺമെന്റ് പുറത്തിറക്കിയ മാർഗ്ഗ രേഖകളിലുള്ള രീതിയിൽ വൈദ്യുതി വാങ്ങൽ കരാറിൽ ഉൾപ്പെടുത്തിയത്. വൈദ്യുതി നിലയം പ്രവർത്തനക്ഷമമാക്കി നിലനിർത്തുകയും എന്നാൽ വൈദ്യുതി വാങ്ങൽ കരാർ ചെയ്ത സ്ഥാപനം ആവശ്യപ്പെടുന്ന സാഹചര്യത്തിൽ ഉല്പാദനം നിർത്തിവയ്ക്കുകയും അല്ലെങ്കിൽ നിയന്ത്രിത അളവിൽ പ്രവർത്തിപ്പിക്കുകയും ആണെങ്കിൽ ഫിക്സഡ് ചാർജ്ജ് നൽകേണ്ടതാണ്. നിലവിലുണ്ടായിരുന്ന കരാർ പ്രകാരം ഇരുകക്ഷികളും തയ്യാറാകുന്ന പക്ഷം കരാർ അടുത്ത 10 വർഷകാലയളവിലേയ്ക്ക് നിബന്ധനകൾക്ക് വിധേയമായി വീണ്ടും പുതുക്കാവുന്നതാണ്. കൂടാതെ 15 വർഷത്തിനു ശേഷമുള്ള ഫിക്സഡ് ചാർജ്ജ് കമ്പനിയും ബോർഡും കൂടി ചർച്ച ചെയ്ത് തീരുമാനിക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു.

(ബി) കരാർ കാലാവധിയിൽ വൈദ്യുതി ഉപയോഗിക്കാത്ത സമയത്തും ഫിക്സഡ് ചാർജ്ജ് ഇനത്തിൽ തുക നൽകിയിട്ടുണ്ട്. മുകളിൽ സൂചിപ്പിച്ചതുപോലെ വൈദ്യുതി വാങ്ങുന്ന ആൾക്ക് വൈദ്യുതി ആവശ്യമില്ലാത്ത സാഹചര്യത്തിലും വൈദ്യുതി നിലയം സ്ഥാപിക്കുന്നതിനും നിലനിർത്തിക്കൊണ്ടുപോകുന്നതിനും ചെലവായ തുക ആനുപാതികമായി ഫിക്സഡ് ചാർജ്ജായി നൽകണമെന്ന കരാർ വ്യവസ്ഥ പ്രകാരം കഴിഞ്ഞ നാലര വർഷം ബി.കെ.പി.എൽ.-ന് ഫിക്സഡ് ചാർജ്ജ് ഇനത്തിൽ നൽകിയ തുക താഴെ പറയുംപ്രകാരമാണ്.

LIBRARY ARCHIVES Kerala Legislative Assembly

വർഷം	ലാൻഡ് ലീസ് ചാർജ്ജ് ഉൾപ്പെടെ ഫിക്സഡ് ചാർജ്ജ് (കോടി രൂപയിൽ)
4/2011 - 3/2012	88.70
4/2012 - 3/2013	95.21
4/2013 - 3/2014	85.79
4/2014 - 3/2015	71.19
4/2015 - 10/2015	42.86

(സി) ഉണ്ട്. ബി.കെ.പി.എൽ. പ്ലാന്റിലെ ഇന്ധനം നാഫ്ത്തയാക്കി നിലനിർത്തിക്കൊണ്ട്, ചില നിബന്ധനകൾക്ക് വിധേയമായി വൈദ്യുതി വാങ്ങൽ കരാർ രണ്ട് വർഷത്തേയ്ക്ക് കൂടി നീട്ടാൻ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. പുതിയ വൈദ്യുതി വാങ്ങൽ കരാറിൽ ഏർപ്പെടുന്നതിന് മുമ്പ് സർക്കാരിന്റെയും കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെയും അനുമതി ലഭിക്കേണ്ടതാണ്. കരാർ പുതുക്കുന്നത് സംബന്ധിച്ച് കെ.എസ്.ഇ.ബി.-യിൽ നിന്ന് ലഭിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

കർഷക സേവന കേന്ദ്രങ്ങൾ

13(*193) ശ്രീ. പി. എ. മാധവൻ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക സേവന കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly